# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

*India's National Spiritual Newspaper*

₹ 10/-

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXXII | YEAR OF OUR LORD JESUS CHRIST, 2026 JULY | No. 09

## വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

### സങ്കീർത്തനങ്ങൾ 3:1 – 8

01. യഹോവേ, എന്റെ വൈരികൾ എത്ര പെരുകിയിരിക്കുന്നു! എന്നോടു എതിർക്കുന്നവർ അനേകർ ആകുന്നു.
02. അവന്നു ദൈവത്തിങ്കൽ രക്ഷയില്ല എന്നു എന്നെക്കുറിച്ചു പലരും പറയുന്നു.
03. നീയോ യഹോവേ, എനിക്കു ചുറ്റും പരിചയും എന്റെ മഹത്വവും എന്റെ തല ഉയർത്തുന്നവനും ആകുന്നു.
04. ഞാൻ യഹോവയോടു ഉച്ചത്തിൽ നിലവിളിക്കുന്നു; അവൻ തന്റെ വിശുദ്ധ പർവ്വതത്തിൽനിന്നു ഉത്തരം അരുളുകയും ചെയ്യുന്നു.
05. ഞാൻ കിടന്നുറങ്ങി; യഹോവ എന്നെ താങ്ങുകയാൽ ഉണർന്നുമിരിക്കുന്നു.
06. എനിക്കു വിരോധമായി ചുറ്റും പാളയമിറങ്ങിയിരിക്കുന്ന ആയിരം ആയിരം ജനങ്ങളെ ഞാൻ ഭയപ്പെടുകയില്ല.
07. യഹോവേ, എഴുന്നേൽക്കേണമേ; എന്റെ ദൈവമേ, എന്നെ രക്ഷിക്കേണമേ. നീ എന്റെ ശത്രുക്കളെ ഒക്കെയും ചെകിട്ടത്തടിച്ചു; നീ ദുഷ്ടന്മാരുടെ പല്ലു തകർത്തുകളഞ്ഞു.
08. രക്ഷ യഹോവെക്കുള്ളതാകുന്നു; നിന്റെ അനുഗ്രഹം നിന്റെ ജനത്തിന്മേൽ വരുമാറാകട്ടെ.

## നമ്മുടെ കർത്താവായ യേശുക്രിസ്തുവിന് നിങ്ങൾക്ക് കാണാൻ കഴിയുന്നതിലും അപ്പുറം പ്രവർത്തിക്കാൻ കഴിയും!!!

*സിസ്റ്റർ ഏഞ്ചലിൻ*

### Our Lord Jesus Christ Can Work Beyond What You Can See!



നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ ഏറ്റവും വിലയേറിയ നാമത്തിൽ ലോകമെമ്പാടുമുള്ള എല്ലാ സഹോദരീസഹോദരന്മാർക്കും **വിളിയുടെ പ്രതിധ്വനി**യുടെ ആശംസകൾ അറിയിക്കുന്നു. ദൈവത്തിന്റെ കൃപയാൽ 2026 ന്റെ രണ്ടാം ഭാഗത്തിലേക്കു പ്രവേശിക്കുവാൻ ദൈവം നമ്മെ പ്രാപ്തരാക്കി. അവന്റെ സമാധാനം, ആശ്വാസം, സമൃദ്ധമായ അനുഗ്രഹം, കൃപ എന്നിവ നിങ്ങൾ ഓരോരുത്തരുടെമേലും ഉണ്ടാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

വേദപുസ്തകത്തിലെ എന്റെ പ്രിയപ്പെട്ട വാക്യങ്ങളിൽ ഒന്നാണ് എഫെസ്യർ 3:20.

**എന്നാൽ നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവന്നു...**

നമ്മുടെ കർത്താവായ യേശുക്രിസ്തു നമ്മുടെ എല്ലാ പ്രതീക്ഷകളെയും മറക്കുവാൻ കഴിയുന്നത്ര ശക്തനാണ്. നമുക്ക് കാണാനോ സങ്കൽപ്പിക്കാനോ പോലും കഴിയാത്തതായ കാര്യങ്ങൾ പോലും അവന് നിറവേറ്റുവാൻ കഴിയും. നമുക്കു പ്രതികൂലമായി പ്രവർത്തിക്കുന്നതായി തോന്നുന്ന സാഹചര്യങ്ങളെ നമുക്ക് അനുകൂലമായ അനുഗ്രഹങ്ങളാക്കി

3-ാം പേജിൽ തുടരും...

Echo of His Call

Christian YouTube Channel!

Every day 2 minutes message by

Pr. S. Sam Selva Raj!



in English, Hindi Language - 1.00 A.M.,
in Tamil & Telugu Language - 2.00 A.M.

and

Tamil & English Message & Prayer

Sunday 8.30 A.M. & 6.00 P.M.

Please Subscribe if you are blessed! Share with whom you love & care!!

ECHO OF HIS CALL - (Marching towards 60th year)
Estd. 1969

## from your dearly beloved brother...





### ഞങ്ങളുടെ നിയോഗം

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

**HON. EDITOR-IN-CHIEF**
Rev.Dr. Angeline S. Kumari, M.A., M.Sc., M.Ed.

**EX MANAGING EDITOR**
Pastor Alex Samson Sam, B.Th., M.Div.

**GENERAL MANAGER**
Bro. N. Prakasam, M.A., M.Sc(C&P), PGDHRM, MBA.

**ADMINISTRATION**
Sis. Jesy Veena Sam
Adv. K. Puratchivendan, M.Com., C.A., B.L.
Dr. P.E.R. Premchand, M.Sc., M.A., M.Ed., Ph.D.
Dr. C.G.S. Baburao, B.Tech., M.Tech. (DM), Ph.D.
Dr. Rabinder Boaz, M.S. (CMC)

**EDITORIAL BOARD**
Dr. Serena Bevin, M.A., M.Phil., B.Ed.
Sis. Sajini Cherian
Rev. Dr. K.R. Rajasekaran
Rev. Dr. William Robert, Ph.D., DD, D.Lit.

**EDITOR, PUBLISHER & PRINTER**
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 98412 71858
95661 31858

**E.MAIL**
sam@echoofhiscall.org
biblecor@yahoo.co.in

**WEBSITES**
www.echoofhiscall.org
www.stpaulsmatriculation.org

**YOUTUBE CHANNEL**
Echo of His Call

## നീ എന്റെ വിലാപത്തെ എനിക്കു നൃത്തമാക്കിത്തീർത്തു...
### – സങ്കീർത്തനങ്ങൾ 30:11

കർത്താവിൽ പ്രിയരെ!

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ വിലയേറിയ നാമത്തിൽ നിങ്ങൾക്ക് ആശംസകൾ നേരുന്നു!

**യുദ്ധങ്ങൾ, യുദ്ധങ്ങളെക്കുറിച്ചുള്ള ശ്രുതികൾ, സംഘർഷങ്ങൾ, ക്ഷാമങ്ങൾ, മഹാമാരികൾ, ഭൂകമ്പങ്ങൾ, വിശ്വാസികൾക്കെതിരായ പീഡനങ്ങൾ, കൊലപാതകങ്ങൾ, അസൂയ, കള്ളപ്രവാചകന്മാർ, വർദ്ധിച്ചുവരുന്ന നിയമലംഘനം എന്നിവ അന്ത്യകാലത്തിന്റെ അടയാളങ്ങൾ ആയിരിക്കുമെന്ന് യേശുക്രിസ്തു മുൻകൂട്ടി പറഞ്ഞു** (മത്തായി 24:3–12). ഇന്നത്തെ ലോകത്തിൽ ഈ സംഭവങ്ങൾ അരങ്ങേറുന്നതു കാണുമ്പോൾ, ഈ സമയത്തിന്റെ അടിയന്തിര അവസ്ഥയെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തൽ നമുക്കു ലഭിക്കുന്നു.

അതിനാൽ, നമുക്ക് ഇപ്പോഴും അവസരം നഷ്ടപ്പെട്ടിട്ടില്ലാത്തതിനാൽ, തിരുവെഴുത്തിലെ പ്രബോധനം വിശ്വസ്തതയോടെ അനുസരിക്കാം:

***വചനം പ്രസംഗിക്ക; സമയത്തിലും അസമയത്തിലും ഒരുങ്ങിനിൽക്ക; സകല ദീർഘക്ഷമയോടും ഉപദേശത്തോടുംകൂടെ ശാസിക്ക; തർജ്ജനം ചെയ്ക; പ്രബോധിപ്പിക്ക*** – 2 തിമൊഥെയൊസ് 4:2.

ദിവ്യമായ ഈ ഉത്തരവാദിത്തത്തെക്കുറിച്ച് നാം എപ്പോഴും ഓർമ്മയുള്ളവരായിരിക്കണം.

ദൈവകൃപയാൽ, നമ്മുടെ എല്ലാ ശുശ്രൂഷകളിലും ദൈവത്തിന്റെ സമൃദ്ധമായ അനുഗ്രഹങ്ങൾ നാം അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഇത്രയധികം ശുശ്രൂഷകൾ ഒരേസമയം എങ്ങനെ നിർവ്വഹിക്കാൻ കഴിയുന്നു എന്ന് പലരും ആശ്ചര്യപ്പെടുന്നു. എന്നിരുന്നാലും, ദൈവം നൽകിയ ശക്തിയും കൃപയും കൊണ്ട്, ഉത്തരവാദിത്തങ്ങൾ ഒന്നും തന്നെ അവഗണിക്കാതെ ഏൽപ്പിച്ചിരിക്കുന്ന ഓരോ ശുശ്രൂഷയും നിറവേറ്റാൻ നമുക്കു കഴിയുന്നു. ദൈവത്തിനു മാത്രം സകല ബഹുമാനവും മഹത്വവും! ദൈവകൃപയാൽ, ചെപ്പോക്കിലെയും സന്തോഷപുരത്തെയും **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളും നെഹെമ്യ ബൈബിൾ കോളേജുകളും** ജൂൺ 01 ന് തമിഴ് ക്ലാസ്സുകളും ജൂലൈ 05 ന് ഹിന്ദി ക്ലാസ്സുകളും ആരംഭിക്കുമെന്ന് പങ്കുവയ്ക്കുന്നതിൽ ഞങ്ങൾക്കു സന്തോഷമുണ്ട്. കൂടാതെ, **നെഹെമ്യ ബൈബിൾ കോളേജുകളുടെ** ബിരുദദാന ചടങ്ങും ജൂലൈ 4ന് നടക്കും.

പലപ്പോഴും വളരെയധികം ഉത്തരവാദിത്തങ്ങളും ഭാരിച്ച ജോലിഭാരങ്ങളും ഞങ്ങൾ വഹിക്കുന്നുണ്ടെങ്കിലും, ഞങ്ങളുടെ കടമകൾ വിജയകരമായി നിറവേറ്റുന്നതിന് ദൈവം ഞങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

ഈ ശുശ്രൂഷകൾ ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകുന്നതിന്, ദീർഘവീക്ഷണമുള്ളതും വിശ്വസ്തരും സമർപ്പിതരുമായ ജീവനക്കാരെ നമുക്ക് ആവശ്യമുണ്ട്. ഇംഗ്ലീഷിലും ഹിന്ദിയിലും പ്രാവീണ്യമുള്ള അസിസ്റ്റന്റ് പ്രിൻസിപ്പൽമാർ, അദ്ധ്യാപകർ, മാനേജർമാർ, സെക്രട്ടറിമാർ, ഓഫീസ് സ്റ്റാഫ്, പ്രിന്റിംഗ് തൊഴിലാളികൾ, ഓഫീസ് അസിസ്റ്റന്റുമാർ, ഹൗസ് കീപ്പിംഗ് സ്റ്റാഫ്, വനിതാ പാചകക്കാർ, സുരക്ഷാ ഉദ്യോഗസ്ഥർ, ഡ്രൈവർമാർ, ശുശ്രൂഷ ചെയ്യാനായി പ്രത്യേക വിളിയുള്ള പാസ്റ്റർമാർ എന്നിവരുടെ അപേക്ഷകളും പ്രാർത്ഥനകളും ഞങ്ങൾ ക്ഷണിക്കുന്നു.

കർത്താവിന്റെ ഹിതം പോലെ ആത്മാർത്ഥതയും കഴിവുമുള്ള നിരവധി വ്യക്തികളെ നിയമിക്കാനും പിന്തുണക്കാനും ഞങ്ങൾ തയ്യാറാണ്. ദൈവം തന്റെ വേലക്കായി ശരിയായ ആളുകളെ എഴുന്നേൽപ്പിക്കട്ടെ. ഈ വിഷയത്തിനായി പ്രാർത്ഥിക്കുവിൻ.

Our Ministries: ECHO OF HIS CALL Monthly Magazines (16 languages) ▫ BIBLECOR - Postal Courses (3 languages) ▫ YouTube Ministry ▫ Online Courses ▫ Theological Correspondence Courses (2 languages) ▫ Church Planting ▫ Nehemiah Bible Colleges ▫ Gospel Printing Press ▫ Great Commission Partners ▫ St. Paul's Matriculation School ▫ Crusades ▫ Community Development

***കൊയ്ത്തു വളരെ ഉണ്ടു സത്യം, വേലക്കാരോ ചുരുക്കം; ആകയാൽ കൊയ്ത്തിന്റെ യജമാനനോടു കൊയ്ത്തിലേക്കു വേലക്കാരെ അയക്കേണ്ടതിന്നു യാചിപ്പിൻ എന്നു പറഞ്ഞു*** - മത്തായി 9:37,38.

നെഹെമ്യ ബൈബിൾ കോളേജിന്റെ അ ദ്ധ്യയനവിഭാഗത്തിന്റെ മീറ്റിംഗ് 16-05-2026 ന് നടക്കുകയുണ്ടായി. 2026-2027 അദ്ധ്യയനവർ ഷത്തിലേക്കുള്ള ബിരുദദാന ചടങ്ങിനെക്കുറിച്ചും ചർച്ച ചെയ്യുകയുണ്ടായി.



***04-07-2026 ൽ നെഹെമ്യ ബൈബിൾ കോളേജിൽ നിന്നും ബിരുദം സ്വീകരിക്കുന്ന ചില വിദ്യാർത്ഥികൾ***

ദൈവഭയത്തോടും വിശ്വസ്തതയോടും കൂടെ കർത്താവിനെ സേവിക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഞങ്ങൾക്കുവേണ്ടി നിരന്തരമായി പ്രാർത്ഥിക്കുവിൻ. നിങ്ങളുടെ പ്രാർത്ഥനകളും പിന്തുണയും വിലയേറിയതാണ്.

നിങ്ങൾക്കും നിങ്ങളുടെ കുടുംബാംഗങ്ങൾക്കും വേണ്ടി ഞങ്ങൾ നിരന്തരമായി പ്രാർത്ഥിക്കുന്നു. നിങ്ങളുടെ എല്ലാ ആവശ്യങ്ങളെല്ലാംതന്നെ അവന്റെ മഹത്വമുള്ള സമ്പത്തിനനുസരിച്ച് നിറവേറ്റിത്തരുമാറാട്ടെ.

കൃപ നിങ്ങളോടൊപ്പം ഉണ്ടായിരിക്കട്ടെ, ആമേൻ!

*ക്രിസ്തുയേശുവിൽ നിങ്ങളുടെ സേവകൻ*

***പാസ്റ്റർ. എസ്. സാം സെൽവരാജ്***

ഇമെയിൽ : sam@echoofhiscall.org

1-ാം പേജിന്റെ തുടർച്ച...

മാറ്റാൻ അവനു കഴിയും. കഴിഞ്ഞ മാസങ്ങളിൽ എന്തൊക്കെയാണ് നിങ്ങളുടെ ജീവിതത്തിലൂടെ കടന്നുപോയതെന്ന് എനിക്ക് അറിയില്ല. നിങ്ങളുടെ ഉറക്കമില്ലാത്ത രാത്രികൾക്കു കാരണമായ കാര്യങ്ങൾ ഉൾപ്പെടെയുള്ള എല്ലാം നന്മയ്ക്കായി ഒരുമിച്ച് പ്രവർത്തിക്കാൻ യേശുക്രിസ്തു ശക്തനാണെന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പു നൽകാൻ ആഗ്രഹിക്കുന്നു.

***ഹഗ്ഗായി 2:6ൽ നാം ഇങ്ങനെ വായിക്കുന്നു:***

**സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഇനി കുറഞ്ഞോന്നു കഴിഞ്ഞിട്ടു ഞാൻ ആകാശത്തെയും ഭൂമിയെയും കടലിനെയും കരയെയും ഇളക്കും.**

ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾ സാക്ഷാത്കരിക്കുവാനായി ആകാശത്തെയും ഭൂമിയെയുംപോലും ഇളക്കാൻ അവനു കഴിയും. നിങ്ങൾക്ക് അത് സങ്കൽപ്പിക്കുവാൻ കഴിയുമോ? പ്രപഞ്ചത്തിന്റെ സൃഷ്ടാവിന് നിങ്ങൾക്കും എനിക്കും അനുകൂലമായി എല്ലാം നീക്കാൻ കഴിയും!

പ്രിയ സഹോദരീ സഹോദരന്മാരേ, നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ വിളി നിറവേറ്റുന്നതിൽനിന്ന് സാത്താൻ പലപ്പോഴും നമ്മെ വ്യതിചലിപ്പിക്കുന്നു. അവൻ നമ്മുടെ ശ്രദ്ധ നഷ്ടപ്പെടുത്തി നിസ്സാരമായ കാര്യങ്ങളിൽ നമ്മുടെ ശ്രദ്ധ കേന്ദ്രീകരിപ്പിക്കുന്നു. അവൻ എങ്ങനെയാണ് ഇത് ചെയ്യുന്നതെന്ന് അറിയാമോ? ആന്തരികവും ബാഹ്യവുമായ പ്രശ്നങ്ങൾ നമ്മുടെ ജീവിതത്തിൽ കൊണ്ടുവന്നുകൊണ്ടാണ് അവൻ ഇതു ചെയ്യുന്നത്.

പുറമെയുള്ള യുദ്ധങ്ങളെ നേരിടാനായി ദൈവം നമ്മെ വിളിക്കുമ്പോൾ, സാത്താൻ നമ്മുടെ കുടുംബങ്ങൾക്കുള്ളിലും സഭയ്ക്കുള്ളിലും അസ്വസ്ഥതകൾ സൃഷ്ടിച്ച് നമ്മുടെ ശ്രദ്ധ നഷ്ടപ്പെടുത്തുന്നു. നമ്മെ വിളിച്ചിരിക്കുന്ന വിളി അനുസരിച്ച് പുറത്തുള്ള തീ കെടുത്തുന്നതിനുപകരം, നമ്മുടെ സ്വന്തം വീടിനകത്തുള്ള തീയുമായി പോരാടുകയാണ് നാം ചെയ്യുന്നത്. നമ്മുടെ തന്നെ സ്വന്തം കുടുംബാംഗങ്ങളെയോ സഹവിശ്വാസികളെയോ ശത്രുക്കളായി കാണാൻ അവൻ നമ്മെ പ്രേരിപ്പിക്കുകയും അതിലൂടെ



***അല്പസമയത്തിനുള്ളിൽ ഞാൻ വീണ്ടും ആകാശത്തെയും ഭൂമിയെയും ഇളക്കും...***


## വളരെ അടിയന്തരമായ അറിയിപ്പ്!




**വിളിയുടെ പ്രതിധ്വനി** തപാലിലൂടെ അയയ്ക്കുന്നതുമായി ബന്ധപ്പെട്ട് സമീപഭാവിയിൽ തടസ്സങ്ങൾ നേരിടാൻ സാദ്ധ്യതയുള്ളതിനാൽ **വിളിയുടെ പ്രതിധ്വനി** മാസിക തുടർന്നും ലഭിക്കണമെന്ന് താല്പര്യമുള്ളവർ നിങ്ങളുടെ പേര്, വിലാസം, ഇ-മെയിൽ, വാട്ട്സ്ആപ് നമ്പർ മുതലായവ ഞങ്ങളെ കത്ത്, ഇ-മെയിൽ, ഫോൺ, SMS, വാട്ട്സ്ആപ് എന്നിവയിലൂടെ എത്രയും വേഗം ഞങ്ങളെ അറിയിക്കുവിൻ.

നിങ്ങളുടെ പിന്താങ്ങൽ നിങ്ങളെ കൂടുതലായി സേവിക്കുവാൻ ഞങ്ങളെ സഹായിക്കുന്നു.

**ഞങ്ങളുടെ വിലാസം:**

**വിളിയുടെ പ്രതിധ്വനി,**
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ 600 005, ഇന്ത്യ
ഫോൺ: (+91) 98412 71858 ഇ-മെയിൽ: sam@echoofhiscall.org




***ദൈവം നമ്മെ പുറത്തുനിന്നുള്ള യുദ്ധങ്ങളെ നേരിടാൻ വിളിക്കുമ്പോൾ ശത്രു ഉള്ളിൽ അസ്വസ്ഥതകൾ സൃഷ്ടിക്കുന്നു.***

നമ്മെ വഞ്ചിക്കുകയും ചെയ്യുന്നു. അതേ സമയം യഥാർത്ഥ ശത്രു ഒരു ഗർജ്ജിക്കുന്ന സിംഹത്തെപ്പോലെ പുറത്ത് കാത്തിരിക്കുന്നു.

70 വർഷത്തെ അടിമത്തത്തിനുശേഷം, ദൈവഹിതം നിറവേറ്റുന്നതിനായി യിസ്രായേല്യർ ആന്തരികവും ബാഹ്യവുമായ വെല്ലുവിളികളെ എങ്ങനെ തരണം ചെയ്യേണ്ടിവന്നുവെന്ന് എസ്രായുടെ പുസ്തകവും ഹഗ്ഗായിയുടെ പുസ്തകവും വ്യക്തമാക്കുന്നു. ഈ പോരാട്ടങ്ങളിലൂടെ, ദൈവം അവരുടെ പ്രതീക്ഷകൾക്ക് അപ്പുറമായി പ്രവർത്തിക്കുന്നത് അവർ കണ്ടു.

***ബാഹ്യമായ വെല്ലുവിളികൾ (എസ്രാ അദ്ധ്യായം 5)***

ദേവാലയത്തിന്റെ പുനർനിർമ്മാണവേളയിൽ ജനങ്ങൾ കടുത്ത ബാഹ്യ സമ്മർദ്ദത്തെ നേരിട്ടു:



***ആലയ പുനർനിർമ്മാണ വേളയിൽ ജനങ്ങൾക്ക് കടുത്ത ബാഹ്യസമ്മർദ്ദം നേരിടേണ്ടിവന്നു***

- തുടർച്ചയായ പരാതികളും എതിർപ്പും.
- അയൽക്കാരായ അധികാരികളുടെ അധികാരത്തെക്കുറിച്ചുള്ള അവരുടെ കടന്നുകയറിയുള്ള ചോദ്യം ചെയ്യൽ.
- രാഷ്ട്രീയ പരിശോധന: സൈറസ് രാജാവിന്റെ കല്പന ഡാരിയസ് രാജാവ് അന്വേഷിച്ചപ്പോൾ.



***രാഷ്ട്രീയ പരിശോധന, സൈറസ് രാജാവിന്റെ കല്പന ഡാരിയസ് രാജാവ് അന്വേഷിച്ചപ്പോൾ***

***ആന്തരിക വെല്ലുവിളികൾ (ഹഗ്ഗായി)***

അതേസമയം, അവർ ആന്തരിക വെല്ലുവിളി നേരിട്ടു.

- പഴയ ആലയവുമായുള്ള നിരന്തര താരതമ്യം
- നിരാശ, ഭയം, നിരുത്സാഹം എന്നിവയിൽ കലാശിക്കുന്നു

ഇത് പരിചിതമാണെന്ന് തോന്നുന്നുവോ?

- നാം ദൈവത്തോട് ഒരു ചുവട് അടുക്കുമ്പോൾ
- അവന് പ്രസാദകരമായ ജീവിതം നയിക്കാനായി തിരഞ്ഞെടുക്കുമ്പോൾ
- നമ്മുടെ ജീവിതത്തിലേക്കുള്ള അവന്റെ വിളി നിറവേറ്റാൻ പരിശ്രമിക്കുമ്പോൾ

നാമും സമാനമായ ബാഹ്യവും ആന്തരികവുമായ സമ്മർദ്ദങ്ങളെ അഭിമുഖീകരിക്കുന്നില്ലേ?


ഈ വ്യതിചലനങ്ങൾക്കിടയിലും നമ്മൾ എത്രപേർ മുമ്പോട്ടു പോയിട്ടുണ്ട്? ദൈവം നൽകിയ സ്വപ്നങ്ങളും വിളിയും എത്രപേർ ഉപേക്ഷിച്ചിട്ടുണ്ട്?

ദൈവം ഇന്നു നമ്മെ ഇങ്ങനെ ഓർമ്മിപ്പിക്കുന്നു: നമ്മുടെ ജീവിതത്തിലുള്ള അവന്റെ ഉദ്ദേശ്യം നിറവേറ്റുന്നതിനായി ലോകത്തെ മുഴുവനായി ഇളക്കാൻ കഴിയുന്ന ഒരു ദൈവത്തെയാണ് നാം സേവിക്കുന്നത്. ചോദ്യം ഇതാണ് – നമ്മൾ തയ്യാറാണോ?

## 1. ആഭ്യന്തരമായി നേരിടുന്ന വെല്ലുവിളികൾ!

യിസ്രായേല്യർ ആലയം പുനർനിർമ്മിക്കാൻ തുടങ്ങിയപ്പോൾ താരതമ്യത്തിന്റെ ആത്മാവുമായി നേരിടേണ്ടിവന്നു. പ്രായവും ലിംഗഭേദവും ദേശീയതയുമൊന്നും കണക്കിലെടുക്കാതെ, പലപ്പോഴും അതു തിരിച്ചറിയാതെ, ഇത് നാമെല്ലാവരും നേരിടുന്ന പ്രശ്നമാണ്.

നമ്മുടെ ജീവിതത്തെ മറ്റുള്ളവരുടേതുമായി താരതമ്യം ചെയ്യുമ്പോൾ, നമ്മുടെ വീടുകൾ, വാഹനങ്ങൾ, ജോലി, ശമ്പളം, ഇണ, വിദ്യാഭ്യാസം, കുട്ടികൾ, നമ്മുടെ ശുശ്രൂഷ, വിളി എന്നിവയുമായി പോലും താരതമ്യം ചെയ്യുന്നു. അങ്ങനെ ചെയ്യുമ്പോൾ, ദൈവം



***നമ്മുടെ ജീവിതത്തെ മറ്റുള്ളവരുടേതുമായി താരതമ്യം ചെയ്യുന്നു***

നാം ഓരോരുത്തരെയും തന്റെ ദിവ്യ പദ്ധതിയുടെ ഭാഗമായി എത്ര അതുല്ല്യമായാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന് തിരിച്ചറിയുന്നതിൽ നാം പരാജയപ്പെട്ടുപോകുന്നു.

ബാഹ്യ ശത്രുക്കളെ നേരിടുന്നതിനുമുമ്പുതന്നെ യിസ്രായേല്യർക്ക് അവരുടെ ഉള്ളിലെ ആന്തരിക പോരാട്ടത്തെ നേരിടേണ്ടിവന്നു. അവർ പുതിയ ആലയത്തെ മുമ്പിലത്തേതുമായി താരതമ്യം ചെയ്തു. അവർ ചെയ്ത വേലയെയും ദൈവം അവർക്കുവേണ്ടി ഇതിനോടകം ചെയ്ത കാര്യങ്ങളെയും വില കുറച്ചു കണ്ടു. അവരെ അടിമത്തത്തിൽനിന്നു തിരികെ കൊണ്ടുവന്നു പുറജാതിക്കാരായ കോരെശ്, ദാര്യാവേശ് എന്നീ രാജാക്കന്മാരുടെ പ്രീതി നേടിക്കൊടുന്ന ദൈവത്തിന്റെ അത്ഭുത പ്രവൃത്തികളെ അവർ സൗകര്യപൂർവ്വം മറന്നുകളഞ്ഞു. നാം താരതമ്യം ചെയ്യാൻ പാടില്ല. അങ്ങനെ ചെയ്യുമ്പോൾ നാം നന്ദികെട്ടവരാകുന്നു. ഇത് നിരുത്സാഹത്തിനും, നിരാശയ്ക്കും, വൈകാരിക ക്ലേശത്തിനും കാരണമായിത്തീരുന്നു.

6-ാം പേജിൽ തുടരും...

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

**ജൂലൈ 19** ⇨ എല്ലാ അസ്സോസിയേറ്റ് എഡിറ്റർമാരെയും കുടുംബങ്ങളെയും അനുഗ്രഹിച്ചതിനായി.

**ജൂലൈ 20** ⇨ മുഖ്യസഭയിൽ കൂടുതൽ വിശ്വാസികൾ ചേർന്നതിനായി.

**ജൂലൈ 21** ⇨ റെസിഡൻഷ്യൽ, സായാഹ്ന നെഹെമ്യ ബൈബിൾ കോളേജിന്റെ കോഴ്സുകളിലേക്ക് പുതിയ വിദ്യാർത്ഥികളെ സ്വീകരിക്കാൻ ഞങ്ങളെ കൃപയോടെ സഹായിക്കുന്നതിനായി.

**ജൂലൈ 22** ⇨ യുവജനങ്ങൾക്കും കുട്ടികൾക്കുമായുള്ള ഞങ്ങളുടെ ആഗോള ദർശനത്തെ അനുഗ്രഹിച്ചതിനായി.

**ജൂലൈ 23** ⇨ സുവിശേഷം എത്തിച്ചേരാത്ത പ്രദേശങ്ങളിൽ എത്തിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കിയതിനാൽ.

**ജൂലൈ 24** ⇨ ഞങ്ങളുടെ മിഷണറി പ്രവർത്തകർ കാണിക്കുന്ന വലിയ പ്രതിബദ്ധതക്കായി.

**ജൂലൈ 25** ⇨ 1969 മുതലുള്ള മാസിക ശുശ്രൂഷയെ സമൃദ്ധമായി അനുഗ്രഹിച്ചതിനായി.

**ജൂലൈ 26** ⇨ ബാലാജി നഗർ, സന്തോഷപുരം, വേളാച്ചേരി എന്നിവിടങ്ങളിലെ ഞായറാഴ്ച ശുശ്രൂഷകളിൽ പുതുതായി പങ്കെടുക്കുന്ന വിശ്വാസികൾക്കായി

**ജൂലൈ 27** ⇨ ഞങ്ങളുടെ യുട്യൂബ് ശുശ്രൂഷയെ അനുഗ്രഹിച്ചതിനായി, പ്രത്യേകിച്ച് 5 മിനിറ്റ് സന്ദേശങ്ങൾ സുവിശേഷം എത്തിച്ചേരാത്തിടങ്ങളിൽ എത്തിച്ചേരുന്നു.

**ജൂലൈ 28** ⇨ ഞങ്ങളുടെ സുവിശേഷ അച്ചടിശാലക്കായും അതിന്റെ കാര്യക്ഷമമായ തൊഴിലാളികൾക്കായും.

**ജൂലൈ 29** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, നെഹെമ്യ ബൈബിൾ കോളേജുകൾ, തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്** എന്നിവയുടെ എല്ലാ പ്രവർത്തനങ്ങൾക്കായും.

**ജൂലൈ 30** ⇨ സംസ്ഥാന കോഡിനേറ്റർമാരെയും അവരുടെ കുട്ടായ്മകളെയും അനുഗ്രഹിച്ചതിനായി.

**ജൂലൈ 31** ⇨ നമ്മുടെ രാഷ്ട്രങ്ങളെ അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നതിനായി.

**ആഗസ്റ്റ് 01** ⇨ പാസ്റ്റർ എസ്. സാം സെൽവരാജിനെയും കുടുംബത്തെയും സമൃദ്ധമായി അനുഗ്രഹിച്ചതിനായി.

**ആഗസ്റ്റ് 02** ⇨ ഞങ്ങളെ പിന്തുണക്കുന്നവരുടെ പ്രാർത്ഥനകൾക്കും സഹായങ്ങൾക്കുമായി.

**ആഗസ്റ്റ് 03** ⇨ ഞങ്ങളുടെ ജീവനക്കാരുടെ കുടുംബങ്ങളെ അനുഗ്രഹിച്ചതിനായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

**ആഗസ്റ്റ് 04** ⇨ സുവിശേഷം എത്തിച്ചേരാത്ത സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ഞങ്ങളെ പ്രാപ്തരാക്കുവാൻ.

**ആഗസ്റ്റ് 05** ⇨ എല്ലാ മതത്തിലുള്ള ആളുകളും തമ്മിൽ ഒത്തൊരുമയും ഐക്യവും ഉണ്ടാകുവാൻ.

**ആഗസ്റ്റ് 06** ⇨ ദൈവമുമ്പാകെ എല്ലാ രാഷ്ട്രങ്ങളും സത്യസന്ധരായിരിക്കുവാൻ.

**ആഗസ്റ്റ് 07** ⇨ ലോകമെമ്പാടും സമാധാനം കളിയാടുവാൻ.

**ആഗസ്റ്റ് 08** ⇨ എല്ലാ ക്രിസ്തീയ സംഘടനകൾക്കും ശുശ്രൂഷകർക്കുമായി.

**ആഗസ്റ്റ് 09** ⇨ ഞങ്ങളുടെ ദൈവീക ശുശ്രൂഷയുടെ 58-ാം വർഷത്തിലേക്കു പ്രവേശിക്കുവാനുള്ള ദൈവീകാനുഗ്രഹങ്ങൾക്കായി.

**ആഗസ്റ്റ് 10** ⇨ മുതിർന്ന പാസ്റ്റർ എസ്. സാം സെൽവരാജിന്റെ പദ്ധതികളുടെ ദൈവീക നടത്തിപ്പിനും അനുഗ്രഹങ്ങൾക്കുമായി.

**ആഗസ്റ്റ് 11** ⇨ മിഷൻ ഫീൽഡുകളിൽ പ്രവർത്തിക്കുന്ന പ്രവർത്തകരുടെ അനുഗ്രഹങ്ങൾക്കായി.

**ആഗസ്റ്റ് 12** ⇨ സീനിയർ പാസ്റ്ററുടെ ആത്മകഥയുടെ വിജയകരമായ പൂർത്തീകരണത്തിനായി.

**ആഗസ്റ്റ് 13** ⇨ റഷ്യയും ഉക്രെയിനും തമ്മിലുള്ള യുദ്ധം അവസാനിപ്പിക്കുവാനായി.

**ആഗസ്റ്റ് 14** ⇨ ലോകം മുഴുവനും സമാധാനം നിലനിൽക്കുവാൻ.

**ആഗസ്റ്റ് 15** ⇨ കോഡിനേറ്റർമാർക്കും പാസ്റ്റർമാർക്കും പുതിയ ശക്തിയും പ്രോത്സാഹനവും ലഭിക്കുവാനായി.

**ആഗസ്റ്റ് 16** ⇨ കുടുംബങ്ങളെ ഭിന്നിപ്പിക്കാൻ ശ്രമിക്കുന്ന സാത്താന്റെ ദുഷ്ടപ്രവൃത്തികളുടെ നാശത്തിനായി.

**ആഗസ്റ്റ് 17** ⇨ വെക്കേഷൻ ബൈബിൾ സ്കൂളിലൂടെ ദൈവീക സ്പർശനം ലഭിച്ച നൂറുകണക്കിന് കുഞ്ഞുങ്ങൾ കർത്താവുമായുള്ള നിരന്തര ബന്ധത്തിൽ തന്നെ ആയിരിക്കുവാനും ഞായർ ആരാധനകളിൽ സംബന്ധിക്കുവാനുമായി.

**ആഗസ്റ്റ് 18** ⇨ ദുഷ്ട ശക്തികളിൽനിന്ന് സീനിയർ പാസ്റ്റർ സാം സെൽവരാജും കുടുംബവും വിടുവിക്കപ്പെടുവാനായുള്ള സ്വർഗ്ഗീയ സംരക്ഷണത്തിനായി.

4-ാം പേജിന്റെ തുടർച്ച...

**നിങ്ങളിൽ ഈ ആലയത്തെ അതിന്റെ ആദ്യമഹത്വത്തോടെ കണ്ടവരായി ആർ ശേഷിച്ചിരിക്കുന്നു; ഇപ്പോൾ കണ്ടിട്ടു നിങ്ങൾക്കു എന്തു തോന്നുന്നു...** (ഹഗ്ഗായി 2:3).



***ഈ വീടിനെ അതിന്റെ പഴയ പ്രതാപത്തിൽ കണ്ടവരിൽ ആരാണ് ശേഷിക്കുന്നത്?***

* പുതിയ ആലയം ചെറുതായി കാണപ്പെട്ടു.
* വിഭവങ്ങൾ പരിമിതമായിരുന്നു.
* ശലോമോന്റെ ആലയത്തിന്റെ പ്രൗഢിയോടൊപ്പമെത്താൻ പുതിയ ആലയത്തിന്നു കഴിഞ്ഞില്ല.
* ഒരുകാലത്ത് തകർന്നു കിടന്ന ആലയം ജനങ്ങൾ പുനർനിർമ്മിക്കുകയാണ്.

*വേദപുസ്തകം പറയുന്നത് അവർ രണ്ടു ശബ്ദം കേട്ടു എന്നാണ്:*

1. ആദ്യത്തെ ആലയം കണ്ടവരുടെ ശബ്ദം-വർഷങ്ങൾക്കുമുമ്പ് അവർ കണ്ട മഹത്വവുമായി ഇപ്പോഴത്തെ ഘടനയെ താരതമ്യം ചെയ്യുമ്പോഴുണ്ടാകുന്ന വേദനയുടെയും ദുഃഖത്തിന്റെയും കരച്ചിൽ.
2. തങ്ങളുടെ ശ്രദ്ധേയമായ നേട്ടത്തിൽ സന്തോഷത്തോടെ ആർപ്പുവിളിക്കുന്ന ഇന്നത്തെ തലമുറയുടെ ശബ്ദം-രണ്ടാമത്തേത് മുമ്പത്തേതിനേക്കാൾ കൂടുതലായിരിക്കാമെങ്കിലും, കൂടുതൽ പ്രാധാന്യത്തോടെ മുഴങ്ങിയത് ദുഃഖത്തിന്റെ ശബ്ദമായിരുന്നു.

എന്നാലും നിരുത്സാഹത്തിന്റെ ശബ്ദം ഉച്ചത്തിലായിരുന്നു.

എന്നാൽ എസ്രായുടെ പുസ്തകം 6-ാം അദ്ധ്യായം കൂടുതൽ ആഴമേറിയ ഒരു സത്യം വെളിപ്പെടുത്തുന്നു: മുൻ ആലയത്തിൽ ശലോമോൻ രാജാവിന്റെ സമ്പത്തിന്റെ പ്രൗഢി ഉണ്ടായിരുന്നു, എന്നാൽ പുതിയ ആലയത്തെക്കുറിച്ച് ദൈവത്തിനു മഹത്തായ ഉദ്ദേശ്യമുണ്ടായിരുന്നു.

* പുറജാതിക്കാരായ രാജാക്കന്മാരിൽനിന്ന് അപ്രതീക്ഷിതമായ സഹായം ലഭിച്ചു
* ദൈവീക അധികാരത്തിന്റെ കീഴിലാണ് പണി പൂർത്തിയായത്.
* രാജാവ് സംരക്ഷണം നൽകി.
* ആരാധന പുനഃസ്ഥാപിച്ചു.
* സമാധാനവും സ്ഥിരതയും മടങ്ങിവന്നു.



***ഈ ഭവനത്തിന്റെ മഹത്വം മുമ്പിലത്തെ ഭവനത്തിന്റെ മഹത്വത്തെക്കാൾ വലുതായിരിക്കും എന്നു സർവ്വശക്തൻ പറയുന്നു***

**ഈ ആലയത്തിന്റെ പിന്നത്തെ മഹത്വം മുമ്പിലത്തേതിലും വലുതായിരിക്കും എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു** (ഹഗ്ഗായി 2:9).

***ഈ വലിയ മഹത്വം വലിപ്പത്തെയോ സ്വർണ്ണത്തെക്കുറിച്ചോ ആയിരുന്നില്ല. മറിച്ച്:***

* പ്രതികൂല സാഹചര്യങ്ങളിലുള്ള ദൈവത്തിന്റെ വിശ്വസ്തത,
* എളിമയും അനുസരണവും ഉള്ളവരായ ജനതയ്ക്കിടയിലെ ദൈവീക സാന്നിദ്ധ്യം
* ഏറ്റവും പ്രധാനമായത് യേശുക്രിസ്തു തന്നെ ഈ ആലയം സന്ദർശിക്കുമെന്ന വസ്തുത.

താരതമ്യം ദൈവത്തിന്റെ പ്രവൃത്തിയെ അഭിനന്ദിക്കുന്നതിൽനിന്ന് അവരെ അന്ധരാക്കി-എന്നാൽ ദൈവം കരുണയോടെ തക്ക സമയത്ത് പ്രോത്സാഹനം നൽകി.

ശക്തരാകുവിൻ!

***ഹഗ്ഗായി 2:4 ൽ, ദൈവം പ്രവാചകനിലൂടെ സംസാരിക്കുന്നു;***

**ഇപ്പോഴോ സെരുബ്ബാബേലേ, ധൈര്യപ്പെടുക...**

**മഹാപുരോഹിതനായി യഹോസാദാക്കിന്റെ മകനായ യോശുവേ, ധൈര്യപ്പെടുക...**

**ധൈര്യപ്പെട്ടു വേല ചെയ്‌വിൻ... ഞാൻ നിങ്ങളോടുകൂടെ ഉണ്ടല്ലോ...**

**മൂന്നു തവണ ദൈവം തന്റെ ശക്തി പ്രഖ്യാപിക്കുന്നു... തന്റെ സാന്നിധ്യത്തെക്കുറിച്ചു അവർക്ക് ഉറപ്പു നൽകുന്നു – എന്റെ ആത്മാവു നിങ്ങളുടെ ഇടയിൽ വസിക്കുന്നു; നിങ്ങൾ ഭയപ്പെടേണ്ട.** ഹഗ്ഗായി 2:5.

ഇന്നു ദൈവം പറയുന്നു : ശക്തരാകുവിൻ. നിങ്ങൾ എന്തിലൂടെ കടന്നുപോയാലും ഞാൻ നിങ്ങളോടൊപ്പമുണ്ട്.

9-ാം പേജിൽ തുടരും...


**നെഹെമ്യ ബൈബിൾ കോളേജുകൾ**

ചെപ്പോക്ക് & സന്തോഷപുരം, വേളാച്ചേരി ചെന്നൈ.

**അതിവേഗം അഡ്മിഷൻ നേടുവിൻ!**

ഭാഷ : തമിഴ് (Part time)
ഹിന്ദി (Part Time)

***ദൈവശാസ്ത്രത്തിൽ ഡിപ്ലോമ & ദൈവശാസ്ത്രത്തിൽ ബിരുദം***

യോഗ്യത :
പത്താം ക്ലാസ്സും അതിനു മുകളിലും

കഴിഞ്ഞ 56 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്

**ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്**
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ-600 005, ഇന്ത്യ
ഫോൺ : (91-44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

## മുഖ്യസഭയിലെ പരിപാടികൾ

01. പ്രാർത്ഥന സഹായം - 24 മണിക്കൂർ
02. വിളിയുടെ പ്രതിധ്വനി മാസികകൾ തമിഴ്, ഇംഗ്ലീഷ്, മലയാളം, തെലുങ്ക്, ഹിന്ദി, കന്നട, മറാത്തി, ബംഗാളി, ആസാമീസ്, ഗുജറാത്തി, ഉറുദു, പഞ്ചാബി, നേപ്പാളി, ഒറിയ, സിംഹളം, ആഫ്രിക്കൻ
03. ബൈബിൾകോർ - പ്രാഥമിക ബൈബിൾ കോഴ്സുകൾ (തമിഴ്, ഇംഗ്ലീഷ്, ഹിന്ദി)
04. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സുകൾ - ഇംഗ്ലീഷ്, തമിഴ്
05. നെഹെമ്യ ബൈബിൾ കോളേജ് - ചെപ്പോക്ക്, സന്തോഷപുരം, വേളാച്ചേരി
06. ശാഖാ സഭകൾ - സന്തോഷപുരം, ബാലാജി നഗർ, വേളാച്ചേരി
07. പരമനിയോഗ ദൗത്യ പങ്കാളികൾ - പാസ്റ്റർമാരുടെ ചങ്ങല
08. ട്രെയിനിംഗ് പരിപാടികൾ - സെമിനാറുകൾ, റിട്രീറ്റുകൾ
09. ക്രൂസേഡുകൾ
10. ലഘുലേഖ വിതരണം, തുടർ നടപടികൾ
11. സുവിശേഷ അച്ചടിശാല - പ്രസിദ്ധീകരണങ്ങൾ
12. സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ - ഗ്രാമീണ ഇംഗ്ലീഷ് വിദ്യാലയം
13. സണ്ടേസ്കൂൾ (ചെപ്പോക്ക്) - ഞായർ രാവിലെ 10.30 മണി
    (വേളാച്ചേരി, ബാലാജി നഗർ, സന്തോഷപുരം) - ഞായർ വൈകുന്നേരം 3.00 മണി
14. അതിരാവിലെ ആരാധന - ഞായർ രാവിലെ 5.30 മണി
15. പ്രാഥമിക ആരാധന - ഞായർ രാവിലെ 8.00 മണി
16. തമിഴ് ആരാധന - ഞായർ രാവിലെ 8.30 മണി
17. യുവജന കൂട്ടായ്മ - ഞായർ രാവിലെ 11.00 മണി
18. ഉച്ചഭക്ഷണ കൂട്ടായ്മ - ഞായർ ഉച്ചയ്ക്കു 1.00 മണി
19. തെലുങ്ക് ആരാധന - ഞായർ വൈകുന്നേരം 4.00 മണി
20. ഹിന്ദി ആരാധന - ഞായർ വൈകുന്നേരം 5.00 മണി
21. തമിഴ് & ഇംഗ്ലീഷ് ആരാധന - ഞായർ വൈകുന്നേരം 6.00 മണി
22. പ്രതികരണ സമയം - ഞായർ വൈകുന്നേരം 7.30 മണി
23. സ്ത്രീകളുടെ പ്രാർത്ഥനായോഗം - ബുധൻ വൈകുന്നേരം 5.30 മണി
24. ഹിന്ദി പ്രാർത്ഥന - വ്യാഴം വൈകുന്നേരം 7.00 മണി
25. പുരുഷന്മാരുടെ യോഗം - വെള്ളി വൈകുന്നേരം 7.30 മണി
26. ശിഷ്യത്വ യോഗം - ശനി വൈകുന്നേരം 6.00 മണി
27. ഭവന കൂട്ടായ്മ - ചൊവ്വ, വ്യാഴം വൈകുന്നേരം 6.30 മണി
28. പ്രത്യേക കർത്തൃമേശ - എല്ലാ മാസവും ആദ്യ ദിവസം രാവിലെ 6.00 മണി
29. സുവിശേഷകരുടെ അവലോകനം - ആദ്യ ശനി വൈകുന്നേരം 5.30 മണി
30. രക്ഷിതാക്കളുടെ പ്രാർത്ഥന - ആദ്യ ഞായർ വൈകുന്നേരം 4.00 മണി
31. രാത്രി പ്രാർത്ഥന - മൂന്നാം വെള്ളി രാത്രി 9.30 മണി
32. ഉപവാസ പ്രാർത്ഥന - രണ്ടാം ശനി രാവിലെ 9.30 മണി
33. കർത്തൃമേശ - രണ്ടാം ഞായർ ആരാധനയോടൊപ്പം
34. യുവാക്കൾക്കും കുട്ടികൾക്കുമുള്ള പ്രാർത്ഥന - ദിവസവും രാത്രി 10.00 മണി (ഫോണിലൂടെ)
35. സ്റ്റാഫുകളുടെ ധ്യാനം - ദിവസവും രാവിലെ 9.00 മണി
36. ഓഫീസ് - രാവിലെ 9.00 മുതൽ രാത്രി 9.00 വരെ (ഞായർ ഒഴികെ)

## വിളിയുടെ പ്രതിധ്വനി തപാൽ കോഴ്സുകൾ

### 1. ബൈബിൾകോർ

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കുമായി തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57 പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ് (96 പേജുകൾ) എന്നീ ഭാഷകളിൽ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് ലഭിക്കുന്നതാണ്. കോഴ്സ് പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കറ്റ് ലഭിക്കുന്നു. നിർബന്ധ ഫീസ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### 2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (662 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കറ്റ് ഇൻ മിനിസ്ട്രി ലഭിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്,
വിളിയുടെ പ്രതിധ്വനി, പോസ്റ്റ് ബോക്സ് 2967,
ചെപ്പോക്ക്, ചെന്നൈ - 600 005.
ഫോൺ: (044) 28528282, 28529293, 28547766,
മൊബൈൽ: 9841071852, 9566131858
E.mail : biblecor@yahoo.co.in

## വിളിയുടെ പ്രതിധ്വനി
### മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്പ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചു കൊടുക്കുന്നതാണ്.

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | |
|---|---|
| **Account Name** | : **ECHO OF HIS CALL EDUCATIONAL TRUST** |
| **Account Number** | : **1023 2923 805** |
| **Bank Name** | : **STATE BANK OF INDIA** |
| **Branch** | : **TRIPLICANE, CHENNAI - 600 005** |
| **IFSC Code** | : **SBIN 0000249** |
| **SWIFT Code** | : **SBI NIN BB 455** |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

„വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

## നമ്മുടെ പള്ളികളിൽ അത്തരം ശക്തമായ തൂണുകൾ ആവശ്യമാണ്!

### ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിൽ ഒരു തൂണാക്കും ... – വെളിപ്പാട് 3:12.



അടിയുറച്ച ദൈവീക ജീവിതത്തിലൂടെയും, ശക്തമായ പ്രസംഗത്തിലൂടെയും, വിശ്വസ്തതയോടുകൂടിയ പരിശീലനത്തിലൂടെയും ആയിരക്കണക്കിന് ദൈവരാജ്യ ശുശ്രൂഷകരെ വളർത്തിയ ശക്തനായ ആത്മീയനേതാവായിരുന്ന പാസ്റ്റർ ജി. സുന്ദരം നേതൃത്വം നൽകുന്ന അപ്പൊസ്തോലിക് ക്രിസ്ത്യൻ അസംബ്ലി ചർച്ചിൽ അടിയുറച്ചു നിന്നയാളായിരുന്നു ഞാൻ. അസാധാരണമായ ഓർമ്മശക്തി ഉണ്ടായിരുന്ന അദ്ദേഹത്തിന് ഞായറാഴ്ച ശുശ്രൂഷകളിൽ വിശ്വസ്തതയോടെ പങ്കെടുത്തവരെയും ഹാജരാകാത്തവരെയും വളരെ എളുപ്പത്തിൽ തിരിച്ചറിയുവാൻ കഴിയുമായിരുന്നു.

അദ്ദേഹത്തിന്റെ നേതൃത്വത്തിൽ അനേകം വിശ്വസ്തരായ പ്രവർത്തകരുണ്ടായിരുന്നതിൽ മൂന്നു ശ്രദ്ധേയരായ ദൈവദാസന്മാരുണ്ടായിരുന്നു. സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥനായ പരേതനായ ബ്രദർ ടി. സെൽവരാജ്, റെയിൽവേ വകുപ്പിൽ നിന്നുള്ള പരേതനായ ബ്രദർ വിക്ടർ സ്വാമിദോസ്, കോർലി ഹൈസ്കൂളിലെ പരേതനായ ബ്രദർ എൽ.എം. ജയമോഹൻ എന്നിവരായിരുന്നു അവർ.



പല യുവാക്കളെയുംപോലെ, സർക്കാരിന്റെ ചുമതലകൾ കാരണം പല ഞായറാഴ്ചകളിലും ആരാധനയിൽ പങ്കെടുക്കാൻ എനിക്കു കഴിയാത്ത സാഹചര്യങ്ങളുണ്ടായിരുന്നു. അപ്പോഴെല്ലാം ഈ ദൈവദാസന്മാർ പോലീസ് ഉദ്യോഗസ്ഥരെപ്പോലെ എന്റെ ജോലി സ്ഥലത്തും കാന്റീനുകളിലും മറ്റു സ്ഥലങ്ങളിലും എന്റെ പിന്നാലെയുണ്ടായിരുന്നു. അവർ സ്നേഹത്തോടെ എന്നെ ഉപദേശിക്കുകയും ആരാധനകളിൽ വിശ്വസ്തതയോടെ പങ്കെടുക്കുന്നതിന്റെയും സഭയുടെ എല്ലാ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുക്കുന്നതിന്റെയും പ്രാധാന്യവും അനുഗ്രഹങ്ങൾ ലഭിക്കുന്നതിനെക്കുറിച്ചുമെല്ലാം എന്നെ പഠിപ്പിക്കുകയും ചെയ്യുമായിരുന്നു.

ശരിയായ ആത്മീയ പാതയിൽ എന്നെ നിലനിർത്താൻ അവർ മനസ്സോടെ തങ്ങളുടെ സമയവും പണവും ഊർജ്ജവും ചെലവഴിച്ചു. എന്റെ ആത്മീയ ജീവിതം രൂപപ്പെടുത്തുന്നതിൽ അവരുടെ അദ്ധ്വാനവും സമർപ്പണവും നിർണായക പങ്ക് വഹിച്ചു എന്ന് ആത്മവിശ്വാസത്തോടെ എനിക്കു സാക്ഷ്യപ്പെടുത്തുവാൻ കഴിയും. ചില കാര്യങ്ങളിൽ അവർ കർശനക്കാരായിരുന്നെങ്കിലും, അവർ ക്ഷമയും അനുകമ്പയും എന്നെപ്പോലുള്ള യുവവിശ്വാസികൾക്ക് ശിക്ഷണം നൽകുന്നതിൽ ആഴമായ പ്രതിബദ്ധതയും ഉള്ളവരായിരുന്നു.

പിന്നീട് വിളിയുടെ പ്രതിധ്വനിയെ കർത്താവ് അനുഗ്രഹിച്ചപ്പോൾ ഇവർ പിതൃതുല്യമായ സ്നേഹത്തോടെ സഹായഹസ്തങ്ങൾ നീട്ടി. പ്രസംഗത്തിലൂടെയും പ്രത്യേക യോഗങ്ങളിലൂടെയും അവൻ പതിവായി ഞങ്ങളുടെ സഭകളിൽ ശുശ്രൂഷ ചെയ്തു. എന്റെ ജീവിതത്തിൽ മാത്രമല്ല, ആയിരക്കണക്കിന് പുരുഷന്മാരുടെയും സ്ത്രീകളുടെയും ജീവിതത്തിൽ അവർ ശാശ്വതമായ സ്വാധീനം ചെലുത്തിയെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു.

അവരുടെ മാർഗ്ഗനിർദ്ദേശത്തിൽ രൂപപ്പെടുത്തപ്പെടുകയും, മാർഗനിർദ്ദേശം നൽകുകയും ചെയ്തവരെ സഭയോടും പാസ്റ്ററോടും ഉത്തരവാദിത്വമുള്ളവരായി തുടരാൻ പരിശീലിപ്പിച്ചു. വ്യക്തിപരമായ അംഗീകാരത്തിനായല്ല, മറിച്ച് ദൈവത്തിന്റെ മഹത്വത്തിനുവേണ്ടി മാത്രമാണ് അവർ അധ്വാനിച്ചത്. അവരുടെ ഓർമ്മകളെയും, അവരുടെ പിൻഗാമികളെയും കർത്താവ് സമൃദ്ധമായി അനുഗ്രഹിക്കട്ടെ.



ഇന്നത്തെ സഭകളിൽ ഇത്രത്തോളം സമർപ്പിതരും നിസ്വാർത്ഥരും വിശ്വസ്തരുമായ സ്ത്രീപുരുഷന്മാരെ ദൈവം വീണ്ടും ഉയർത്തട്ടെ എന്നു ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

6-ാം പേജിന്റെ തുടർച്ച...

* ഇത് യോശുവയ്ക്കു നൽകിയ അതേ വാഗ്ദത്തമാണ് - ഞാൻ നിന്നോടുകൂടെ ഉള്ളതുകൊണ്ടു ഉറപ്പും ധൈര്യവുമുള്ള വനായിരിക്ക; ഭയപ്പെടരുതു, ഭ്രമിക്കയും അരുതു (യോശുവ 1:9).
* യെശയ്യാവ് 41:10 ലും ഇതേ ഉറപ്പു നൽകിയിട്ടുണ്ട്. ഞാൻ നിന്നോടുകൂടെ ഉണ്ടു... എന്റെ നീതിയുള്ള വലങ്കൈകൊണ്ടു ഞാൻ നിന്നെ താങ്ങും.



*ഞാൻ നിന്റെ വലംകരം പിടിച്ചു നിന്നെ താങ്ങും.*

നമ്മൾ താരതമ്യം ചെയ്യുമ്പോൾ, നിരുത്സാഹവും ഭയവും പിന്തുടരും. മറ്റുള്ളവരുമായി നമ്മെ താരതമ്യം ചെയ്യുന്നത് നിറുത്തണം. സ്വർഗ്ഗീയ വിളിയാണ് നമുക്കുള്ളത്.

## 2. പുറമെ നിന്നുള്ള വെല്ലുവിളികൾ!

ആഭ്യന്തര പോരാട്ടങ്ങളെ അഭിസംബോധന ചെയ്തതിനുശേഷം, യിസ്രായേല്യർ അവരുടെ തന്നെ പ്രാദേശിക അധികാരികളിൽനിന്ന് ബാഹ്യമായ എതിർപ്പു നേരിട്ടു:

"ഈ ആലയം പണിയാനും ഈ മതിൽ പൂർത്തിയാക്കുവാനും നിങ്ങളോടു കല്പിച്ചത് ആർ?"

ദൈവം നമ്മെ ഉപേക്ഷിച്ചു എന്നല്ല എതിർപ്പുകൊണ്ട് അർത്ഥമാക്കുന്നത്. യഥാർത്ഥത്തിൽ ദൈവം നമുക്കുവേണ്ടി പ്രവർത്തിക്കുമ്പോഴും അവന്റെ ഇഷ്ടവുമായി എന്തെങ്കിലും പൊരുത്തപ്പെടാത്തപ്പോഴും തിരിച്ചറിയാൻ നമുക്ക് ആത്മീയ വിവേചനം ആവശ്യമാണ്. നാം അവന്റെ ഇഷ്ടത്തിന് അനുസൃതമായി നടക്കുമ്പോൾ നാം നേരിടുന്ന എല്ലാ എതിർപ്പുകളും അവന്റെ രാജ്യത്തിന്റെ പുരോഗതിക്കായി ദൈവത്തിന് ഉപയോഗിക്കാൻ കഴിയും.

* ദാവീദ് ഗോലിയാത്തിനെ നേരിട്ടു
* നെഹെമ്യാവ് സൻബല്ലത്തിനെയും തോബിയാവിനെയും നേരിട്ടു
* പൗലൊസ് യഹൂദരായ എതിരാളികളിൽ നിന്ന് പീഡനം നേരിട്ടു.
* ആദിമ ക്രിസ്ത്യാനികൾ എല്ലായിടത്തും എതിർപ്പു നേരിട്ടു.
* എന്നിരുന്നാലും, ഈ സാഹചര്യങ്ങളിലെല്ലാം ദൈവനാമം മഹത്വീകരിക്കപ്പെട്ടു.

അതുപോലെ, എതിർപ്പുകൾ ഉയർന്നുവരുന്നതായി ഈ അദ്ധ്യായത്തിലൂടെ നാം കാണുന്നു. അവശിഷ്ടങ്ങളിൽനിന്ന് ആലയം നിർമ്മിക്കുന്നതിലേക്കായി ജനങ്ങൾ അവരുടെ കുടുംബങ്ങളും സുഖപ്രദമായ ജീവിതവും ഉപേക്ഷിച്ചു. അവർ വളരെയധികം വലിയ ത്യാഗങ്ങൾ ചെയ്തു. എന്നിരുന്നാലും, അഭിനന്ദനം ലഭിക്കുന്നതിനുപകരം അവർക്കു ലഭിച്ചത് വിമർശനങ്ങളായിരുന്നു. പ്രോത്സാഹനത്തിനു പകരം പരാതികളുടെ പ്രവാഹം, അതിനാൽ അവരുടെ ജോലി നിരന്തരം വെല്ലുവിളിക്കപ്പെട്ടു.

ജനങ്ങളിൽനിന്ന് അംഗീകാരം പ്രതീക്ഷിക്കരുത്, ദൈവം തന്നെയാണ് നമ്മുടെ പ്രതിഫലദായകൻ. വിശ്വസ്തതയോടെ അവന്റെ ഇഷ്ടം ചെയ്യുന്നതു തുടരുക.

പ്രിയ സുഹൃത്തുക്കളേ, നിങ്ങൾ എതിർപ്പു നേരിടുമ്പോൾ ഭയപ്പെടരുത്. "എന്നാൽ അവരുടെ ദൈവത്തിന്റെ കണ്ണ് യഹൂദന്മാരുടെ മൂപ്പന്മാരുടെമേൽ ആയിരുന്നു." നമ്മുടെ കർത്താവിന്റെ കണ്ണുകൾ ഇന്നും, എപ്പോഴും നമ്മുടെമേൽ ഉണ്ട്. ഇത് നിങ്ങൾക്കുവേണ്ടിയുള്ള വാക്യം ആയിരിക്കാം: നിനക്കു വിരോധമായി ഉണ്ടാക്കുന്ന യാതൊരു ആയുധവും ഫലിക്കയില്ല; **ന്യായവിസ്താരത്തിൽ നിനക്കു വിരോധമായി എഴുന്നേല്ക്കുന്ന എല്ലാ നാവിനെയും നീ കുറ്റം വിധിക്കും.** കൂടാതെ ആരോപണങ്ങളും ഉയർന്നേക്കാം, പക്ഷേ അവ നിലനിൽക്കയില്ല.

ദൈവം ചെയ്തത് എന്താണ്?

അവൻ യുദ്ധം ചെയ്യുമ്പോൾ **അവൻ ആകാശത്തെയും ഭൂമിയെയും ഇളക്കും** (ഹഗ്ഗായി 2:21). പ്രപഞ്ചത്തിലുള്ള എല്ലാത്തിനെയും നമുക്ക് അനുകൂലമായി പ്രവർത്തിക്കാൻ അവൻ ഇടയാക്കും.

എല്ലാം അവർക്കെതിരായി തോന്നുമ്പോൾ, എസ്രാ 6:12 ൽ നാം വായിക്കുന്നതുപോലെ ദാര്യാവേശായ ഞാൻ ഒരു കല്പന പുറപ്പെടുവിക്കുന്നു; അത് ജാഗ്രതയോടെ നടപ്പിലാക്കട്ടെ.

അവർക്കെതിരെ പരാതികൾ ലഭിച്ച രാജാവു തന്നെ ഇപ്പോൾ പുറപ്പെടുവിച്ച കല്പനയിലൂടെ തടസ്സമില്ലാതെ പ്രവൃത്തി പൂർത്തിയാക്കണമെന്നു കല്പിച്ചു.

* **പുതിയ കല്പനയിലൂടെ ഈ ദൈവാലയത്തിന്റെ പണികാര്യത്തിൽ നിങ്ങൾ ഇടപെടരുതു എന്നു പറഞ്ഞു** (എസ്രാ 6:7).
* **രാജാവിന്റെ മുതലിൽനിന്നു ആ ആളുകൾക്കു കൃത്യമായി ചെലവും കൊടുക്കേണ്ടതാകുന്നു** (എസ്രാ 6:8).
* **ആരാധനയ്ക്കു ആവശ്യമുള്ള എല്ലാ സാധനങ്ങളും ദിവസവും നൽകുന്നുണ്ടെന്നു രാജാവു ഉറപ്പു വരുത്തി** (എസ്രാ 6:9,10).
* **പണി തടസ്സപ്പെടുത്താൻ ശ്രമിക്കുന്നവർക്കെല്ലാം കടുത്ത ശിക്ഷ നൽകുമെന്ന് മുന്നറിയിപ്പു നൽകി** (എസ്രാ 6:11,12).

ദാര്യാവേശ് രാജാവിന്റെ പ്രതികരണം കേവലം പിന്തുണ നൽകുന്നതു മാത്രമായിരുന്നില്ല - അത് സംരക്ഷണാത്മകവും ഉദാരവുമായിരുന്നു.

എതിർപ്പായി തുടങ്ങിയത് ഒടുവിൽ പുനർനിർമ്മാണ ശ്രമത്തെ പ്രതീക്ഷിച്ചതിൽ കൂടുതൽ ജനങ്ങൾ ശക്തിപ്പെടുത്തി.

**ദൈവം തന്റെ ഉദ്ദേശ്യം പ്രഖ്യാപിക്കുമ്പോൾ** (ഹഗ്ഗായി 2).

**അതു നിറവേറ്റുന്നതിനായി അവൻ മനുഷ്യന്റെ വ്യവസ്ഥകളെ പുനഃക്രമീകരിക്കുന്നു** (എസ്രാ 6).

ഈ മാസത്തിൽ, നിങ്ങൾക്കെതിരെ സംസാരിക്കുന്ന എല്ലാ നിഷേധാത്മക വാക്കുകളെയും ദൈവം മാറ്റിമറിക്കുകയും, ദോഷത്തിനായി ഉദ്ദേശിച്ചിട്ടുള്ള എല്ലാ പദ്ധതികളെയും നിങ്ങൾക്ക് അനുകൂലമാക്കി മാറ്റുകയും ചെയ്യട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. തന്റെ ജനത്തിന്റെ ജീവിതത്തിൽ തന്റെ ഉദ്ദേശ്യം നിറവേറ്റുന്നതിനായി മുഴുവൻ സംവിധാനങ്ങളെയും പുനഃക്രമീകരിക്കാൻ അവനു കഴിഞ്ഞെങ്കിൽ, ഇന്നു നിങ്ങളുടെ ജീവിതത്തിലും അവന് തീർച്ചയായും അതുപോലെ ചെയ്യാൻ കഴിയും. അവന്റെ കണ്ണുകൾ നിങ്ങളെ നിരീക്ഷിച്ചുകൊണ്ടേയിരുന്നു.

അവനിൽ ആശ്രയിക്കുക എന്നതാണ് നാം ചെയ്യേണ്ട കാര്യം. ക്രൂശിൽ പ്രകടമായ അവനു നമ്മോടുള്ള സ്നേഹം അളക്കാനാവാത്തതാണ്. നമുക്ക് വിജയകരമായി ജീവിക്കുവാൻ കഴിയേണ്ടതിനായി യേശുക്രിസ്തു കുരിശിൽ മരിച്ചു.

അതിനാൽ, സ്യഷ്ടാവിൽ നിങ്ങളുടെ വിശ്വാസം അർപ്പിക്കുവിൻ.

*************

**അറിയിപ്പ്**

(+91) 9841071858, (+91) 9841271858 എന്ന ഞങ്ങളുടെ മുഖ്യ മൊബൈൽ നമ്പറുകൾ നിങ്ങളുടെ മൊബൈൽ ഫോണുകളിൽ സേവ് ചെയ്യുവിൻ.

-എഡിറ്റർ

"Egmore RMS Patrika Channel" RNI.No.55468/94, Postal Regn.No.TN/CH/(C)/199/24-26 WPP.No.TN/PMG(CCR)/WPP-221/24-26

## OUR BANK DETAILS:

### *1. Bank : State Bank of India*

| | |
|---|---|
| Branch | : Triplicane, Chennai-5 |
| Name | : S. Sam Selva Raj |
| A/C No. | : 1023 2934 679 |
| IFSC | : SBIN 00 00 249 |

SWIFT CODE : SBI NIN BB 455

### *2. Bank : ICICI Bank*

| | |
|---|---|
| Branch | : Anna Salai, Chennai-6 |
| Name | : Echo of His Call |
| A/C No. | : 6038 0502 2319 |
| IFSC | : ICIC 000 6038 |

### *3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

| | |
|---|---|
| Branch | : Triplicane, Chennai-5 |
| Name | : Echo of His Call Educational Trust |
| A/C No. | : 1023 2923 805 |
| IFSC | : SBIN 00 00 249 |

## OUR QR CODE:

ECHO OF HIS CALL

Scan to pay with any UPI app

Google Pay: 98410 71858
PayPal : SAM SELVA RAJ

*****

E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/– രൂപ    ആയുഷ്കാല വരിസംഖ്യ : 2000/– രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ** (Sam Selva Raj, sam@echoofhiscall.org), **നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

ECHO OF HIS CALL
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.org

**YOU CAN SEND YOUR DONATION ONLINE ALSO**

**Regd. with the RNI under No. 55468/94**
**Licenced to post without pre-payment**
**Postal Regn. No. TN/CH (C) /199/24-26**
**Licence No. WPP. No. TN/PMG(CCR)/WPP-221/24-26**
**Date of Publication: First week of every month**
**Date of Posting : 3rd & 4th of every month Posted at "Egmore RMS Patrika Channel"**
**on 4th JULY 2026.**
**If un-delivered please return to:**
**ECHO OF HIS CALL (MALAYALAM)**
**P.O. Box No. 2957, Chepauk, Chennai - 600 005, INDIA.**
**Phone: (+ 91- 44) 2852 8282, 2852 9293, 2854 7766**

*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers,** New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**